## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1587 — 21.01.2014 ലെ മറുപടിക്ക്

### കെട്ടിടനിർമ്മാണാനുമതി നൽകുന്നതിനുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള അനുമതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ രണ്ട് മാസത്തിലേറെ പഴക്കമുള്ള എത്ര അപേക്ഷകൾ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിഗണിക്കാനുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ ; | (എ) കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള അനുമതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ രണ്ട് മാസത്തിലേറെ പഴക്കമുള്ള 5310 അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ബാക്കിയുണ്ട്. |
| (ബി) വീടുകളോ, ഫ്ലാറ്റുകളോ നിർമ്മിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ രണ്ട് മാസത്തിലധികമായി പരിഗണിക്കാനായി അവശേഷിക്കുന്നുണ്ട് | (ബി) വീടുകളോ, ഫ്ലാറ്റുകളോ നിർമ്മിക്കുന്നതിനായുള്ള രണ്ട് മാസത്തിലധികമായി പരിഗണിക്കാനായി അവശേഷിക്കുന്ന 4257 അപേക്ഷകൾ നിലവിലുണ്ട്. |
| (സി) കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ അകാരണമായി വൈകിപ്പിച്ചതായിട്ടുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; വിജിലൻസ് വിഭാഗം മിന്നൽ പരിശോധനയിലൂടെ ഇത്തരത്തിലുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട് ? | (സി) കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ അകാരണമായി വൈകിപ്പിച്ചതായിട്ടുള്ള 102-ഓളം പരാതികൾ ലഭിച്ചിട്ടുണ്ട്. വിജിലൻസ് വിഭാഗം മിന്നൽ പരിശോധനയിലൂടെ ഇത്തരത്തിലുള്ള 1000-ത്തോളം കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ